## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1170** **07-12-2022 - ൽ മറുപടിയ്ക്ക്**

## കരവാരം-നഗരൂർ-പുളിമാത്ത് കുടിവെള്ള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കരവാരം-നഗരൂർ-പുളിമാത്ത് കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ? | (എ) | **പുളിമാത്ത്, കരവാരം, നഗരൂർ പഞ്ചായത്തുകളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും, 81.81 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി ലഭിക്കുകയും ചെയ്തു. പദ്ധതിയുടെ വിവിധ ഘടകങ്ങൾ നിർമ്മിക്കുന്നതിന് അഞ്ചിടത്തായി റവന്യൂ ഭൂമിയും, രണ്ടിടത്ത് സ്വകാര്യ ഭൂമിയും ഏറ്റെടുക്കേണ്ടതുണ്ടായിരുന്നു. സംപ്പും പമ്പ്ഹൗസും നിർമ്മിക്കുന്നതിന് കരവാരം വില്ലേജിലെ പാവല്ല എന്ന സ്ഥലത്ത് 10 സെന്റ്, ഉപരിതലജല സംഭരണികൾ നിർമ്മിക്കുന്നതിന് നഗരൂർ വില്ലേജിലെ പാറമുക്ക് എന്ന സ്ഥലത്ത് 25 സെന്റ്, വെള്ളല്ലൂർ വില്ലേജിലെ നെല്ലിക്കുന്നിൽ 25 സെന്റ്, കടൽ കാണിപ്പാറയിൽ 15 സെന്റ്, ജലശുദ്ധീകരണ ശാലയുടെ നിർമ്മാണത്തിനായി പുളിമാത്ത് വില്ലേജിലെ കുറ്റിമൂടിൽ 75 സെന്റ് എന്നിവയാണ് ഏറ്റെടുക്കേണ്ടിയിരുന്ന റവന്യൂ വകുപ്പിന്റെ സ്ഥലങ്ങൾ. കൂടാതെ ഉപരിതല ജലസംഭരണി നിർമ്മിക്കുന്നതിന് വണ്ടിത്തടമെന്ന സ്ഥലത്ത് 15 സെന്റ് സ്ഥലവും, കിണറും പമ്പ്ഹൗസും നിർമ്മിക്കുന്നതിന് വാമനപുരം വില്ലേജിലെ ആനാകുടിയെന്ന സ്ഥലത്ത് വാമനപുരം നദിയോട് ചേർന്ന് 25 സെന്റ് സ്ഥലവും സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുക്കേണ്ടതായിട്ടുണ്ടായിരുന്നു. നഗരൂർ പഞ്ചായത്തിലെ നെല്ലിക്കുന്നിൽ കണ്ടെത്തിയ സ്ഥലമൊഴികെ ബാക്കിയുള്ളവ ഏറ്റെടുത്തുകൊണ്ട് 07.07.2022, 17.07.2022 തീയതികളിൽ ഉത്തരവായിരുന്നു. നെല്ലിക്കുന്നിൽ കണ്ടെത്തിയ സ്ഥലം കോടതി വ്യവഹാരത്തിലൂടെ സ്വകാര്യ വ്യക്തി കൈവശപ്പെടുത്തിയതിനാൽ മറ്റൊരു സ്ഥലം ലഭ്യമാകേണ്ടതുണ്ട്. കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാർ** |

| | | | |
|---|---|---|---|
| | | | **01.10.2022-ൽ നൽകുകയും, കരാർ കമ്പനി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ തുടങ്ങിയിട്ടുമുണ്ട്. ടി പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് റോഡ് കുഴിക്കുന്നതിനുള്ള അനുമതി പൊതുമരാമത്ത് വകുപ്പ്, കേരള റോഡ് ഫണ്ട് ബോർഡ് എന്നിവയിൽ നിന്നും ലഭിക്കേണ്ടതുണ്ട്.**<br><br>**ടി പദ്ധതിയുടെ രണ്ടാം ഘട്ടമായി ജലവിതരണ ശൃംഖലകൾ സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്ന പദ്ധതിയ്ക്ക് ജലജീവൻ മിഷനിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ദർഘാസ് നടപടികൾ പുരോഗമിക്കുകയുമാണ്.** |

സെക്ഷൻ ഓഫീസർ